സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 266 2025 ഫെബ്രുവരി 18 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കോഴിക്കോട് എട്ടാം ക്ലാസുകാരന് വിദ്യാർഥിസംഘത്തിന്റെ ക്രൂരമർദനം, കുട്ടിയുടെ കർണപടം തകർന്നു

കോഴിക്കോട്: പയ്യോളിയിൽ എട്ടാം ക്ലാസുകാരന് ക്രൂരമർദനം. ഫുട്ബോൾതാരമായ വിദ്യാർഥി പരിശീലനം കഴിഞ്ഞ് മടങ്ങുമ്പോഴാണ് മറ്റൊരു സ്കൂളിലെ വിദ്യാർഥികൾ ആക്രമിച്ചത്. മർദനത്തിൽ കുട്ടിയുടെ കർണപടം തകർന്നു. ഗുരുതരമായി പരിക്കേറ്റ കുട്ടി ചികിത്സയിലാണ്.

രണ്ടാഴ്ച മുമ്പാണ് സംഭവം. ആക്രമണത്തിന്റെ ഞെട്ടിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. ഇരു സ്കൂളുകളിലേയും വിദ്യാർഥികൾ തമ്മിൽ നേരത്തെ തർക്കമുണ്ടായിരുന്നു. പോലീസ് നടപടി സ്വീകരിക്കാൻ വൈകിയെന്ന് കുട്ടിയുടെ കുടുംബം ആരോപിച്ചു.

മോദി–മസ്ക് കൂടിക്കാഴ്ചക്ക് പിന്നാലെ ടെസ്ല ഇന്ത്യയിലേക്ക്?; റിക്രൂട്ട്മെന്റിന് തുടക്കം

ന്യൂഡൽഹി: ആഗോള ഇലക്ട്രിക് കാർ ഭീമനായ ടെസ്ലയുടെ ഇന്ത്യൻ വിപണിയിലേക്കുള്ള വരവ് യാഥാർഥ്യമാകുന്നു. ടെസ്ല ഇന്ത്യയിൽ റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചു. 13 തസ്തികകളിലേക്ക് ഉദ്യോഗാർഥികളെ തേടി ലിങ്ക്ഡ് ഇൻ പേജിൽ കമ്പനി പരസ്യം നൽകി.

അമേരിക്കയിൽവെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ടെസ്ല ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇലോൺ മസ്ക് സന്ദർശിച്ചതിന് പിന്നാലെയാണ് ടെസ്ലയുടെ പുതിയ നീക്കം. കസ്റ്റമർ സർവീസ്, ബാക്ക് എൻഡ് ഉൾപ്പെടെ 13 തസ്തികകളിലേക്കാണ് കമ്പനി അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. സർവീസ് ടെക്നീഷ്യൻ, വിവിധ ഉപദേശക തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ മുംബൈയിലും ന്യൂഡൽഹിയിലുമാണ്. കസ്റ്റമർ എൻഗേജ്മെന്റ് മാനേജർ, ഡെലിവറി ഓപ്പറേഷൻസ് സ്പെഷ്യലിസ്റ്റ് തുടങ്ങിയ ഒഴിവുകൾ മുംബൈയിലാണ്.

ഇന്ത്യയിലെ ഉയർന്ന ഇറക്കുമതി തീരുവ കാരണം ടെസ്ല പലപ്പോഴും ഇന്ത്യയിൽ പ്രവേശിക്കുന്നതിൽനിന്ന് പിന്നോട്ടുപോകുകയായിരുന്നു. എന്നാൽ കഴിഞ്ഞ ബജറ്റിൽ 40,000 ഡോളറിൽ കൂടുതൽ വിലയുള്ള, ഉയർന്ന നിലവാരമുള്ള കാറുകളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ 110 ശതമാനത്തിൽനിന്ന് 70 ശതമാനമായി കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതായിരിക്കാം ഇന്ത്യയിൽ സാന്നിധ്യം അറിയിക്കാനുള്ള നടപടികൾ ടെസ്ല വേഗത്തിലാക്കാൻ കാരണം. ചൈനയുടെ 11 മില്ല്യണുമായി താരതമ്യപ്പെടുത്തുമ്പോൾ കഴിഞ്ഞ വർഷം ഇന്ത്യയുടെ ഇലക്ട്രിക് കാർ വിൽപന ഒരു ലക്ഷമാണ്.

2023 ഓഗസ്റ്റിൽ ടെസ്ലയുടെ ഇന്ത്യൻ വിഭാഗമായ ടെസ്ല ഇന്ത്യൻ മോട്ടോർ ആന്റ് എനർജി പുണെയിൽ ഓഫീസ് തുറന്നിരുന്നു. പുണെയിലെ വിമൻ നഗറിലെ പഞ്ച്ഷിൽ ബിസിനസ് പാർക്കിലാണ് ഓഫീസ്. 5,850 ചതുരശ്ര അടിവിസ്തീർണമുള്ള ഓഫീസിന് 11.65 ലക്ഷം രൂപയാണ് പ്രതിമാസ വാടക നിശ്ചയിച്ചിട്ടുള്ളത്. പാട്ടകാലാവധിയുടെ മൊത്തം വാടക 7.72 കോടി രൂപയുമാണ്. 2023 ജൂലായ് 26–നാണ് ഇതുസംബന്ധിച്ച കരാർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2021 ജനുവരിയിൽ ടെസ്ലയുടെ ഇന്ത്യൻ വിഭാഗം ബെംഗളൂരുവിൽ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും പിന്നീട് പ്രവർത്തനങ്ങളൊന്നും നടന്നിരുന്നില്ല.

വിമാനം തലകീഴായി മറിഞ്ഞു

ടൊറന്റോ: കാനഡയിൽ വിമാനാപകടത്തിൽ 17 പേർക്ക് പരിക്ക്. കാനഡയിലെ ടൊറന്റോ എയർപോർട്ടിലാണ് അപകടമുണ്ടായത്. 80 പേരുമായി യാത്ര ചെയ്യുകയായിരുന്ന ഡെൽറ്റ എയർലൈൻസ് ജെറ്റാണ് അപകടത്തിൽപ്പെട്ടത്. ക്രാഷ് ലാൻഡ് ചെയ്ത വിമാനം തലകീഴായി മറിയുകയായിരുന്നു. കനത്ത കാറ്റിനെത്തുടർന്നാണ് അപകടമുണ്ടായതെന്നാണ് പ്രാഥമിക റിപ്പോർട്ട്.

യുഎസിലെ മിനെപോളിസിൽ നിന്ന് 76 യാത്രക്കാരും നാല് ജീവനക്കാരുമായി എത്തിയ എൻഡീവർ എയർ ഫ്ളൈറ്റ് 4819 ആണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവരിൽ മൂന്ന് പേരുടെ നില ഗുരുതരമാണെന്നാണ് അധികൃതർ അറിയിക്കുന്നത്. പരിക്കേറ്റവരെ സമീപത്തെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

കിഴക്കൻ കാനഡയിൽ വലിയ മഞ്ഞുവീഴ്ചയുണ്ടായിരുന്നു. ടൊറന്റോയിൽ ശക്തമായ കാറ്റും അനുഭവപ്പെടുന്നുണ്ട്. ഇക്കാരണങ്ങളാൽ നിരവധി വിമാനങ്ങളും റദ്ദാക്കിയിരുന്നു.

തെരഞ്ഞെടുപ്പ് കമീഷണറുടെ നിയമനം സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി പ്രശാന്ത് ഭൂഷൺ

'നീതിവ്യവസ്ഥയെ കൊഞ്ഞനം കുത്തുന്നതിന് തുല്യം'

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് കമീഷണർമാരുടെ നിയമനം സംബന്ധിച്ച കേസ് പരമോന്നത കോടതിയുടെ പരിഗണനയിലിരിക്കെ പുതിയ നിയമനം നടത്തിയ കേന്ദ്ര സർക്കാർ നടപടി സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ. നിയമനത്തിനെതിരായ ഹരജികൾ നിലനിൽക്കെ പുതിയ നിയമനം നടത്തിയത് നീതിവ്യവസ്ഥയെ കൊഞ്ഞനംകുത്തുന്നതിന് തുല്യമെന്ന് പ്രശാന്ത് ഭൂഷൺ പരാമർശിച്ചു.

41–ാമതായി പരിഗണിക്കാനിരിക്കുന്ന തെരഞ്ഞെടുപ്പ് കമീഷണർമാരുടെ നിയമന നിയമ ഭേദഗതി കേസ് ആദ്യ കേസുകളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും പ്രശാന്ത് ഭൂഷൺ കോടതിയിൽ ആവശ്യപ്പെട്ടു. അതേസമയം, നാളെ ഹരജി കേൾക്കുമ്പോൾ പുതിയ നിയമനം അടക്കമുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കാമെന്ന് ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി. കമീഷണർമാരുടെ നിയമനം സംബന്ധിച്ച നിയമഭേദഗതി സ്റ്റേ ചെയ്യണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ കൃത്യമായ കാരണമുണ്ടെന്ന് വ്യക്തമാക്കിയ ജഡ്ജി, നാളെ കേസ് കേൾക്കുമ്പോൾ വാദമായി ഇക്കാര്യം ഉന്നയിക്കാമെന്നും പറഞ്ഞു.

തെരഞ്ഞെടുപ്പ് കമീഷണർമാരെ തെരഞ്ഞെടുക്കാനുള്ള സെലക്റ്റ് കമ്മിറ്റിയുടെ ഘടന മാറ്റിയ നിയമ ഭേദഗതിക്കെതിരായ ഹരജികളാണ് സുപ്രീംകോടതി നാളെ പരിഗണിക്കുക. തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ തെരഞ്ഞെടുക്കാനുള്ള പ്രധാനമന്ത്രി അധ്യക്ഷനായ സെലക്റ്റ് കമ്മിറ്റിയിൽ നിന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ മാറ്റി പകരം ആഭ്യന്തര മന്ത്രി അമിത് ഷായെ നിയമിക്കുന്നതിന് വഴിവെച്ച നിയമ ഭേദഗതിയാണ് ഹരജിക്കാർ ചോദ്യം ചെയ്യുന്നത്.

തെരഞ്ഞെടുപ്പ് കമീഷണർമാരുടെ നിയമനം സംബന്ധിച്ച കേസ് ബുധനാഴ്ച സുപ്രീം കോടതി പരിഗണിക്കാനിരിക്കെയാണ് ഇന്നലെ തിരക്കിട്ട് മൂന്നംഗ സെലക്റ്റ് കമ്മിറ്റി യോഗം ചേർന്ന് ഗ്യാനേഷ് കുമാറിനെ മുഖ്യതെരഞ്ഞെടുപ്പ് കമീഷണറാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ രാജീവ് കുമാർ തിങ്കളാഴ്ച വിരമിച്ചതിനെ തുടർന്നാണ് പുതിയ ആളെ തെരഞ്ഞെടുക്കാൻ അതേദിവസം പ്രധാനമന്ത്രി സെലക്റ്റ് കമ്മിറ്റി യോഗം വിളിച്ചത്.

കേസ് സുപ്രീംകോടതി പരിഗണിക്കുന്ന പശ്ചാത്തലത്തിൽ മുഖ്യ തെരഞ്ഞെടപ്പ് കമീഷണറെ തെരഞ്ഞെടുക്കാനുള്ള സെലക്റ്റ് കമ്മിറ്റി യോഗം മാറ്റിവെക്കണമെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടിരുന്നു. എന്നാൽ,ആവശ്യം തള്ളിയ പ്രധാനമന്ത്രിയും അമിത് ഷായും രാഹുലിനെ ഇരുത്തി യോഗവുമായി മുന്നോട്ടു പോവുകയായിരുന്നു.

കടുവാഭീതി; സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് ഒരാഴ്ച അവധി, ഹോസ്റ്റലിലുള്ളവരോട് വീട്ടിലേയ്ക്ക് മടങ്ങാൻ നിർദേശം

കൽപ്പറ്റ: വയനാട് തലപ്പുഴയിൽ കടുവയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ച സാഹചര്യത്തിൽ തലപ്പുഴ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് ഒരാഴ്ച അവധി. ഒരാഴ്ച പഠനം ഓൺലൈനായി നടത്തുമെന്നാണ് കോളേജ് അധികൃതർ അറിയിച്ചിരിക്കുന്നത്. കോളേജ് ഹോസ്റ്റലുകളിലും തലപ്പുഴയിലെ സ്വകാര്യ ഹോസ്റ്റലുകളിലും കഴിയുന്ന വിദ്യാർത്ഥികളേക്ക് വീടുകളിലേയ്ക്ക് മടങ്ങാൻ നിർദേശം നൽകി.

വയാൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കണ്ണോത്തുമല, 44ാം മൈൽ, കമ്പിപ്പാലം, തലപ്പുഴ എന്നിവിടങ്ങളിലെ ജനവാസ മേഖലകളിലാണ് കടുവയുടേതെന്ന് കരുതപ്പെടുന്ന കാൽപ്പാടുകൾ കണ്ടെത്തിയത്. പിന്നാലെ ജനങ്ങളുടെ വലിയ പ്രതിഷേധം ഉണ്ടായതിനെത്തുടർന്ന് പ്രദേശത്ത് കൂടുകൾ സ്ഥാപിച്ചു. 14 ക്യാമറ ട്രാപ്പുകളും രണ്ട് ലൈവ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് വനഭാഗങ്ങളിൽ നിരീക്ഷണവും നടത്തിവരികയാണ്. ജനങ്ങൾ പരിഭ്രാന്തരാകരുതെന്നും രാത്രി ഒറ്റയ്ക്കുള്ള യാത്രകൾ ഒഴിവാക്കണമെന്നും വനംവകുപ്പ് നേരത്തെ നിർദേശം നൽകിയിരുന്നു. കഴിഞ്ഞമാസം വയനാട് നാലിടങ്ങളിൽ കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. പഞ്ചാരക്കൊല്ലി, മേലെ ചിറക്കര, പിലാക്കാവ് മൂന്നുറോഡ് ഭാഗം, മണിയംകുന്ന് ഭാഗങ്ങളിലാണ് നിയന്ത്രണം ഏർപ്പെടുത്തിയത്. ജനങ്ങൾ പുറത്തിറങ്ങരുതെന്നും കടകൾ അടച്ചിടണമെന്നും അധികൃതർ നിർദ്ദേശം നൽകിയിരുന്നു.

ഇനി ബംഗാളും ബീഹാറും; ബിജെപിയുടെ വിജയത്തിനായി മിഷൻ ത്രിശൂലുമായി ആർഎസ്എസ്

ന്യൂഡൽഹി: ഹരിയാണ, മഹാരാഷ്ട്ര, ഡൽഹി തിരഞ്ഞെടുപ്പുകളിലെ ബിജെപി വിജയത്തിന് പിന്നിൽ ആർ.എസ്. എസും ഒഴിച്ചുകൂടാനാവാത്ത ഘടകമായിരുന്നു. വോട്ടർമാരുടെ പിന്തുണ ഉറപ്പുവരുത്തുന്നതിനായി ഡൽഹിയുടെ മുക്കിലും മൂലയിലും ആർഎസ്എസ് 50,000 യോഗങ്ങളായിരുന്നു വിളിച്ചുചേർത്തത്. ഇപ്പോൾ വരാനിരിക്കുന്ന ബിഹാർ, പശ്ചിമ ബംഗാൾ തിരഞ്ഞെടുപ്പുകളിൽ ബിജെപിയുടെ വിജയത്തിനായുള്ള പ്രവർത്തന തന്ത്രങ്ങളിലാണ് ആർഎസ്എസ് എന്നാണ് റിപ്പോർട്ട്.

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് എട്ട് മാസം മാത്രം ബാക്കി നിൽക്കെ, ബിജെപിയുടെ വിജയം ഉറപ്പാക്കാൻ 'മിഷൻ ത്രിശൂൽ' എന്നപേരിൽ ആർ.എസ്.എസ്. പുതിയ ദൗത്യത്തിന് തുടക്കം കുറിച്ചിരിക്കുകയാണെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. മൂന്ന് നിർണായക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് 'മിഷൻ ത്രിശൂൽ' എന്നാണ് വിവരം.

രഹസ്യാത്മക സർവേകളിലൂടെ അസംതൃപ്തരായ വോട്ടർമാരെയും പ്രധാന പ്രശ്നങ്ങളെയും തിരിച്ചറിയുക, ഏറ്റവും സ്വാധീനമുള്ള വിഷയങ്ങൾ വിലയിരുത്തി തിരഞ്ഞെടുപ്പ് ആഖ്യാനം രൂപപ്പെടുത്തുക, ഈ വിഷയങ്ങളെ അടിസ്ഥാനമാക്കി ബിജെപിക്കുള്ള തിരഞ്ഞെടുപ്പ് നേട്ടങ്ങളും അപകടസാധ്യതകളും വിശകലനം ചെയ്യുക എന്നതാണ് ആർ.എസ്.എസ്. ലക്ഷ്യമിടുന്നത്.

ആർഎസ്എസിന്റെ പ്രാദേശിക ശാഖകളെ പ്രയോജനപ്പെടുത്തി അതീവ രഹസ്യമായാണ് സർവേ നടത്തുന്നത്. തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി ബീഹാറിലുടനീളം ശാഖകളുടെ എണ്ണം വർദ്ധിപ്പിക്കാനും ലക്ഷ്യമുണ്ട്.

ബിഹാറിനെ വടക്കൻ ബിഹാർ, ദക്ഷിണ ബിഹാർ എന്നിങ്ങനെ തിരിച്ച് കാര്യക്ഷമമായ സംഘടനാ പ്രവർത്തനങ്ങളിലേക്ക് ആർ.എസ്.എസ്. നീങ്ങിയെന്നാണ് വിവരം. സമഗ്രമായ ബൂത്ത് തല സർവേ അവലോകന യോഗം മാർച്ചിൽ ചേരുമെന്നും റിപ്പോർട്ടുകളുണ്ട്.

വാഹനാപകടം; നിലമ്പൂർ നഗരസഭാ വൈസ് ചെയർമാന്റെ മകനടക്കം രണ്ട് മലയാളികൾക്ക് ദാരുണാന്ത്യം

ബംഗളൂരു: വാഹനാപകടത്തിൽ രണ്ട് മലയാളി വിദ്യാർത്ഥികൾക്ക് ദാരുണാന്ത്യം. ബന്നാഘട്ടയിൽ ഇന്നലെ രാത്രി 11മണിയോടെയായിരുന്നു സംഭവം. നിലമ്പൂർ സ്വദേശി അർഷ് പി ബഷീർ (23), കൊല്ലം സ്വദേശി മുഹമ്മദ് ഷാഹൂബ് (28) എന്നിവരാണ് മരിച്ചത്.

ഇവർ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് മരത്തിൽ ഇടിക്കുകയായിരുന്നു. അപകടത്തിൽ കാറിന്റെ മുൻവശം പൂർണമായി തകർന്നിരുന്നു.

ഇരുവരും സംഭവസ്ഥലത്തുവച്ചുതന്നെ മരിച്ചു. കൂടെയുണ്ടായിരുന്ന 2പേർക്ക് പരിക്കേറ്റു. ഇവർ ആശുപത്രിയിൽ ചികിത്സയിലാണ്.

അർഷിന്റെയും മുഹമ്മദ് ഷാഹൂബിന്റെയും മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. എം ബി എ വിദ്യാർത്ഥിയായ അർഷ് നിലമ്പൂർ നഗരസഭാ വൈസ് ചെയർമാൻ പി എം ബഷീറിന്റെ മകനാണ്.

'സി പി എമ്മിന് ഒരു രക്തസാക്ഷിയെ സൃഷ്ടിച്ച് പാട്ട കുലുക്കാനുള്ള വ്യാമോഹമായിരുന്നു' : ബി ജെ പി ജില്ലാ പ്രസിഡന്റ്

പത്തനംതിട്ട: പെരുനാട് മഠത്തുംമൂഴിയിൽ സിഐടിയു പ്രവർത്തകൻ ജിതിൻ ഷാജി കൊല്ലപ്പെട്ട സംഭവത്തിൽ സിപിഎമ്മിനെ രൂക്ഷമായി വിമർശിച്ച് ബിജെപി ജില്ലാ പ്രസിഡന്റ് വി.എ. സൂരജ്. 'ഒരു രക്തസാക്ഷിയെ സൃഷ്ടിച്ച് പാട്ട കുലുക്കാനുള്ള വ്യാമോഹമായിരുന്നു സിപിഎമ്മിനെന്ന് അദ്ദേഹം വിമർശിച്ചു. ഭരണം ഉണ്ടെന്നതുക്കൊണ്ട് എന്തുതോന്നിയവാസവും കാണിക്കാമെന്ന സമീപനമാണ് സിപിഎമ്മിനുള്ളതെന്നും സൂരജ് കുറ്റപ്പെടുത്തി.

സിപിഎമ്മിന്റെ നാടകം പൊളിഞ്ഞു, പച്ചക്കള്ളമാണ് പറഞ്ഞതെന്ന് തെളിഞ്ഞു. പ്രതിയായ നിഖിലേഷിന്റെ അമ്മ തന്നെ മകൻ സിഐടിയു പ്രവർത്തകനാണെന്ന് സമ്മതിച്ചു. സുമിത്, മിഥുൻ എന്നിവരും സിപിഎം പ്രവർത്തകരാണ്. സിപിഎം നേതാക്കൾ തന്നെ സിപിഎം നേതാവിനെ കൊലപ്പെടുത്തിയിട്ട് ഇതെല്ലാം ബിജെപിയാണ് ചെയ്തതെന്ന കള്ളപ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇത് സ്ഥിരമായ ശൈലിയാണ്. സിപിഎം സംസ്ഥാന സെക്രട്ടറിയും ജില്ലാ സെക്രട്ടറിയും പച്ചക്കള്ളമാണ് ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഏതാനും മണിക്കൂറുകൾക്കുള്ളിൽ ആ കള്ള നാടകം പൊളിഞ്ഞു. ബിജെപി ശക്തമായ പ്രചരണ പരിപാടികൾ നടത്തുമെന്നും വി.എ. സൂരജ് പറഞ്ഞു.

കാര്യവട്ടം ഗവ.കോളജിലെ റാഗിങ്: ഏഴു വിദ്യാർഥികളെ സസ്പെൻഡ് ചെയ്തു

തിരു: കാര്യവട്ടം ഗവ.കോളജിലെ റാഗിങ്ങിൽ ഏഴുവിദ്യാർഥികളെ സസ്പെൻഡ് ചെയ്തു. ഒന്നാംവർഷ ബിരുദവിദ്യാർഥിയുടെ പരാതിയിൽ നടപടി മൂന്നാംവർഷ ബിരുദ വിദ്യാർഥികൾക്കെതിരെ. വേലു, പ്രിൻസ്, അനന്തൻ, പാർഥൻ, അലൻ, ശ്രാവൺ, സൽമാൻ എന്നിവർക്കാണ് സസ്പെൻഷൻ.

എസ്എഫ്ഐക്കാർ ക്രൂരമായി മർദിച്ചെന്ന് കാര്യവട്ടം ഗവ. കോളജിൽ റാഗിങ്ങിന് ഇരായ വിദ്യാർഥി പറഞ്ഞിരുന്നു. എസ്എഫ്ഐ യൂണിറ്റ് മുറിയിൽ കൊണ്ടുപോയി മുളകൊണ്ട് തലയിൽ അടിച്ചു. ബെൽറ്റ് കൊണ്ടും അടിച്ചു. പുറത്ത് പറഞ്ഞാൽ ഇനിയും മർദിക്കുമെന്ന് ഭീഷണിപ്പെടുത്തിയെന്നും വിദ്യാർഥി പറഞ്ഞു. ഒരുമണിക്കൂർ പൂട്ടിയിട്ട് മർദിച്ചെന്ന് വിദ്യാർഥിയുടെ പിതാവും പറഞ്ഞു.

മൂന്നാം വർഷ വിദ്യാർഥികളായ വേലു പ്രിൻസ്, അനന്തൻ, പാർഥൻ, അലൻ, ശ്രാവൺ, സൽമാൻ എന്നിവരാണ് മർദ്ദിച്ചത്. കോളജിലെ ആൻറി റാഗിങ് സമിതി നടത്തിയ അന്വേഷണത്തിൽ റാഗിങ് നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഈമാസം 11ന് കാര്യവട്ടം ഗവ. കോളജിൽ സീനിയർ ജൂനിയർ വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായിരുന്നു. ഇതിന് പിന്നാലെ മൂന്നാം വർഷ വിദ്യാർഥികളായ വേലു പ്രിൻസ്, അനന്തൻ, പാർഥൻ, അലൻ, ശ്രാവൺ, സൽമാൻ എന്നിവർ ബലം പ്രയോഗിച്ച് എസ്.എഫ്.ഐ യൂണിറ്റ് റൂമിലേക്ക് കൊണ്ടുപോയി മർദ്ദിച്ചുവെന്നാണ് ഒന്നാം വർഷ ബയോ ടെക്നോളജി വിദ്യാർഥി ബിൻസ് ജോസിന്റെ പരാതി.

വിദ്യാർഥിയുടെ പരാതിയിൽ കോളജിലെ റാഗിങ് വിരുദ്ധ സമിതി അന്വേഷണം നടത്തി. റാഗിങ് നടന്നുവെന്നാണ് സമിതിയുടെ കണ്ടെത്തൽ. ഇക്കാര്യം പ്രിൻസിപ്പൽ കഴക്കൂട്ടം പൊലീസിന് റിപ്പോർട്ട് ചെയ്തു. വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ രണ്ട് കേസുകൾ നേരത്തെ പൊലീസെടുത്തിരുന്നു. ഇതിൽ ഏഴ് സീനിയർ വിദ്യാർഥികൾക്കെതിരെ റജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ റാഗിങ് വകുപ്പുകൾ കൂടി ചേർക്കുമെന്ന് പൊലീസ് അറിയിച്ചു.

'വാഴ നനയുമ്പോൾ ചീരയും കൂടി നനയണം', എൻ ജി ഒ കോൺഫഡറേഷനുമായി ബന്ധമില്ലെന്ന ആനന്ദകുമാറിന്റെ വാദം പൊളിയുന്നു

തിരു: നാഷണൽ എൻ.ജി.ഒ കോൺഫഡറേഷനുമായി ബന്ധമില്ലെന്ന, പാതിവില തട്ടിപ്പ് കേസ് പ്രതി ആനന്ദകുമാറിന്റെ വാദം പൊളിയുന്നു. 2023–ൽ കോഴിക്കോട് നടന്ന ലാപ്ടോപ്പ് വിതരണ ചടങ്ങിലെ ഇയാളുടെ പ്രസംഗം പുറത്തുവന്നു. സത്യസായി ട്രസ്റ്റിന്റെ 25–ാം വാർഷികത്തിലാണ് നാഷണൽ എൻ.ജി.ഒ കോൺഫഡറേഷൻ രൂപീകരിച്ചതെന്ന് ആനന്ദകുമാർ പ്രസംഗത്തിൽ പറയുന്നുണ്ട്. പരിപാടിയിൽ കേസിലെ ഒന്നാം പ്രതി അനന്തുകൃഷ്ണൻ മുഖ്യാഥിതിയുമായിരുന്നു.

'30 വർഷം മുൻപ് അഞ്ച് അനാഥ കുട്ടികളേയുംകൊണ്ട് തുടങ്ങിയ പ്രസ്ഥാനമാണ് സത്യസായി ഓർഫനേജ് ട്രസ്റ്റ് കേരള. വാഴ നനയുമ്പോൾ ചീരയും കൂടി നനയണമെന്ന പ്രക്രിയയാണിത്. കേരളത്തിലെ ഏറ്റവും വലിയ എൻ.ജി.ഒ ആണ് സത്യസായി ട്രസ്റ്റ് ഇന്ന്. 126 സ്ഥാപനങ്ങൾ, ഇരുന്നൂറിലധികം പ്രോജക്ടുകൾ, ശമ്പളംപറ്റുന്ന 465 ജീവനക്കാർ. ഇങ്ങനെ എണ്ണിയാൽ ഒതുങ്ങാത്ത കാര്യങ്ങളുമായി മുന്നോട്ടുപോകുമ്പോൾ, ഇന്ത്യയുലെ നാലാമത്തെ വലിയ എൻ.ജി.ഒയും കേരളത്തിലെ ഏറ്റവും വലിയ എൻജിഒയുമാണ് സായ്ഗ്രാം. ഇതിന്റെ നേതൃത്വത്തിലാണ് നാഷണൽ എൻ.ജി.ഒ കോൺഫഡറേഷൻ എന്ന സംഘടന രൂപീകരിക്കുന്നത്. 2023 അവസാനിക്കുമ്പോഴേക്കും കേരളത്തിലെ ചെറിയ എൻ.ജി.ഒകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു വലിയ സംഘടനയായി മാറുകയെന്നതാണ് ഈ സംഘടനയുടെ ഉദ്ദേശലക്ഷ്യം', ആനന്ദകുമാർ പ്രസംഗത്തിൽ പറയുന്നു.

അതേസമയം, പാതിവില തട്ടിപ്പുമായി ബന്ധപ്പെട്ട് അനന്തുകൃഷ്ണൻ, ആനന്ദകുമാർ, കോൺഗ്രസ് നേതാവ് ലാലി വിൻസെന്റ് എന്നിവരുടെ വസതികളിലും ഓഫീസുകളിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) റെയ്ഡ് പുരോഗമിക്കുകയാണ്. ഇന്ന് പുലർച്ചെ മുതലാണ് കൊച്ചിയിൽനിന്നുള്ള അറുപതോളം ഉദ്യോഗസ്ഥർ വിവിധ സംഘങ്ങളായി തിരിഞ്ഞ് 12 ഇടങ്ങളിൽ റെയ്ഡ് ആരംഭിച്ചത്. കള്ളപ്പണ, ചൂതാട്ടവിരുദ്ധ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത ഇഡി കഴിഞ്ഞ ദിവസം പരാതിക്കാരിൽനിന്ന് വിശദമായ മൊഴിയെടുക്കുകയും ചെയ്തിരുന്നു.

159 കോടി രൂപയുടെ ഇടപാട് മൊത്തത്തിൽ നടന്നുവെന്നാണ് ഇഡിയുടെ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നത്. പാതിവിലയിൽ സ്ക്കൂട്ടർ ഉൾപ്പടെ നൽകാമന്ന് പറഞ്ഞ് സാധാരണക്കാരിൽനിന്ന് പിരിച്ചെടുത്ത ഈ പണം, കള്ളപ്പണമായി പലർക്കും കൈമാറിയിട്ടുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണവുമായി ഇഡി മുന്നോട്ടുപോകുന്നത്.

സിദ്ധാർഥന്റെ മരണം: കേസ് നടത്തിപ്പിൽ സർവകലാശാലക്ക് വൻ വീഴ്ച

വയനാട്: പൂക്കോട് വെറ്ററിനറി കോളജിലെ റാഗിങ് ക്രൂരതയ്ക്ക് ഇരയായ സിദ്ധാർഥൻ മരിച്ചിട്ട് ഇന്ന് ഒരാണ്ട്. സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ കൈകാര്യം ചെയ്യുന്നതിൽ വെറ്ററിനറി സർവകലാശാലയ്ക്കുണ്ടായതു വൻ വീഴ്ച. പ്രതികളെ തുടർപഠനത്തിനായി കോളജിൽ പ്രവേശിപ്പിക്കാമെന്ന ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിക്കെതിരെ സർവകലാശാല അപ്പീൽ നൽകിയിട്ടില്ല. റാഗിങ് തടയുന്നതിനു ചുമതലപ്പെട്ട ഉന്നതോദ്യോഗസ്ഥർക്ക് ഉണ്ടായ വീഴ്ചയിലും അന്വേഷണവും ഉണ്ടായിട്ടില്ല.

പ്രതികളെ പരീക്ഷയെഴുതാൻ അനുവദിക്കണമെന്ന കോടതിവിധി നടപ്പിലാക്കാൻ അസാധാരണ തിടുക്കമാണ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായത്.

മണ്ണുത്തിയിൽ പരീക്ഷാകേന്ദ്രം അനുവദിച്ചതും 2 അധ്യാപകരെ പരീക്ഷാച്ചുമതലക്കാരാക്കി നിയോഗിക്കാൻ തീരുമാനമെടുത്തതുമെല്ലാം ശരവേഗത്തിലായിരുന്നു. ഉത്തരവിറങ്ങിയ അന്നു തന്നെ പ്രതികൾ പരീക്ഷയെഴുതിയെന്ന് ഉറപ്പാക്കുന്ന തരത്തിലായിരുന്നു നടപടികൾ. പ്രതികൾക്ക് അനുകൂല ഉത്തരവ് ഇറങ്ങിയയുടൻ അവരെ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സി പി ഐ എം ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട കെ.വി അബ്ദുൾ ഖാദർ തൃശൂർ അതിരൂപത മെത്രാൻ ആൻഡ്രൂസ് താഴത്തിനെ ബിഷപ്പ് ഹൗസിൽ സന്ദർശിച്ചു. സി പി ഐ എം തൃശൂർ ഏരിയാ സെക്രട്ടറി അനൂപ് ഡേവിസ് കാഡ, ഏരിയാ കമ്മിറ്റി അംഗം ബാബു എന്നിവരും കൂടെയുണ്ടായി. വികാരി ജനറൽ ജോസ് കോന്നിക്കര, സി പി ഐ എം തൃശൂർ ഏരിയാ സെക്രട്ടറി അനൂപ് ഡേവിസ് കാട, ഏരിയാ കമ്മിറ്റി അംഗം ബി എൽ ബാബു എന്നിവരും സംബന്ധിച്ചു.

പുൽവാമ: കണ്ടാണശ്ശേരി പഞ്ചായത്തിൽ അനുസ്മരണ സമ്മേളനം

ഗുരുവായൂർ: പുൽവാമ ദിനാചരണത്തിന്റെ ഭാഗമായി കണ്ടാണശ്ശേരി പഞ്ചായത്തിൽ അനുസ്മരണ സമ്മേളനം നടന്നു. 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി.സി ഓഫീസർ മേജർ പി.ജെ. സ്റ്റൈജുവിന്റെ നേതൃത്വത്തിൽ നടന്ന പുൽവാമ ദിനസ്മരണ കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് മിനി ജയൻ ഉദ്ഘാനം ചെയ്തു. വൈസ് പ്രസിഡന്റ് എം.എസ് ധനൻ, പഞ്ചായത്ത് മെഡിക്കൽ ഓഫിസർ കെ.പി. ചിന്ത, ഹെൽത്ത് ഇൻസ്പെക്ടർ ബിഞ്ചു ജെയ്ക്കബ് പഞ്ചായത്ത് അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, എൻ.സി.സി കേഡറ്റുകൾ എന്നിവർ പങ്കെടുത്തു. ദേശിയോദ്ഗ്രന്ഥന പ്രതിജ്ഞയും നടന്നു.

കണ്ടാണശ്ശേരി പഞ്ചായത്തിൽ പുൽവാമ ദിനാചരണത്തിന്റെ ഭാഗമായി നടന്ന അനുസ്മരണ സമ്മേളനത്തിൽ 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ സി സി ഓഫീസർ മേജർ പിജെ സ്റ്റൈജു ദേശീയോദ്ഗ്രന്ഥനപ്രതിജ്ഞ ചൊല്ലി കൊടുക്കുന്നു. പഞ്ചായത്ത് പ്രസിഡണ്ട് മിനി ജയൻ, പഞ്ചായത്ത് അംഗങ്ങൾ, ആരോഗ്യപ്രവർത്തകർ എൻസിസി കേഡറ്റുകൾ എന്നിവർ സമീപം



ഇരിങ്ങാലക്കുട എസ്.എൻ.ബി.എസ്. സമാജം വക വിശ്വനാഥപുരം ക്ഷേത്രത്തിൽ കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി നടന്നുവന്നിരുന്ന കാവടി പൂര മഹോത്സവം സമാപിച്ചു.

കോൺക്രീറ്റിംഗ് പൂർത്തീകരിച്ച ശക്തൻ സ്റ്റാൻറിന്റെ തെക്കുഭാഗം വ്യാഴാഴ്ച്ച തുറന്നുകൊടുക്കുന്നു

തൃശൂർ: 1987ൽ ആരംഭിച്ച ശക്തൻ ബസ് സ്റ്റാൻറ് വടക്കേ ബസ് സ്റ്റാന്റ് പോലെ ആധുനീക രീതിയിൽ നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല ഇതിന്റെ കാരണം ശക്തൻ നഗർ വികസനവുമായി ബന്ധപ്പെട്ട് 2002 മുതൽ എ നാർക്ക് കൺസ്ട്രക്ഷനും കോർപ്പറേഷനും തമ്മിലുള്ള തർക്കമായിരുന്നു. ഈ വിഷയം ഈ കൗൺസിൽ കാര്യഗൗരവത്തോടെ ഏറ്റെടുത്ത് നിയമപരമായി പരിഹരിച്ച് ശക്തൻ നഗർ വികസനത്തിനു വേണ്ടിയുള്ള പുതിയ മാസ്റ്റർ പ്ലാനും അതിന്റെ ഭാഗമായി ആധുനീകരീതിയിലുള്ള പുതിയ ബസ് സ്റ്റാൻറും രൂപകൽപ്പന ചെയ്തുവരികയാണ്. എന്നാൽ അതുവരെ പ്രവർത്തിച്ചുവരുന്ന ശക്തൻ സ്റ്റാന്റിന്റെ കേടുവന്ന തെക്കെ ഭാഗം 2.5 കോടി രൂപ ചെലവു ചെയ്ത് കോൺക്രീറ്റ് ചെയ്യുകയും 20 ലക്ഷം രൂപ ചെലവുചെയ്ത് ഒന്നാംഘട്ട വൈദ്യുതീകരണം പൂർത്തികരിക്കുകയും ചെയ്തു. 30 ലക്ഷം രൂപയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇതോടൊപ്പം കുറ്റുമുക്ക് - നെട്ടിശ്ശേരി റോഡ് 2 കോടി രൂപ ചെലവിൽ ബി.എം.ബി.സി. ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ബി.എം.ബി.സി. റോഡിൻറെ ഉദ്ഘാടനം വ്യാഴാഴ്ച്ച (20.02.2025) ഉച്ചതിരിഞ്ഞ് 5.00 മണിക്കും കോൺക്രീറ്റിംഗ് പൂർത്തീകരിച്ച ശക്തൻ ബസ് സ്റ്റാന്റിന്റെ തെക്കുഭാഗം തുറന്നുകൊടുക്കുന്ന പ്രവൃത്തി വൈകീട്ട് 6.30നും തൃശൂർ മേയർ എം.കെ. വർഗ്ഗീസിന്റെ അധ്യക്ഷതയിൽ റവന്യൂ വകുപ്പ് മന്ത്രി അഡ്വ.കെ. രാജൻ നിർവ്വഹിക്കുന്നതാണ്.

പ്രസ്തുത ചടങ്ങിൽ തൃശൂർ എം.എൽ.എ പി. ബാലചന്ദ്രനും തൃശൂർ ജില്ലാകളക്ടർ അർജ്ജുൻ പാണ്ഡ്യൻ ഐ.എ.എസ്, സിറ്റി പോലീസ് കമ്മീഷണർ ഇളങ്കോ ഐ.പി.എസ്. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുന്നതാണ്.

ജോലി സംബന്ധമായ തർക്കത്തെ തുടർന്നുള്ള ആക്രമണം: പ്രതി അറസ്റ്റിൽ

അന്തിക്കാട്: പോലിസ് സ്റ്റേഷൻ പരിധിയിലെ മനക്കൊടി സ്വദേശിയായ അഭിജിത്തിനെ ഒന്നര വർഷം മുൻപ് ഇവന്റ് മാനേജ്മെന്റ് സ്ഥാപനത്തിൽ ജോലി ചെയ്തതിൽ ലഭിക്കാനുണ്ടായ കൂലി സംബന്ധമായ തർക്കം മൂലമുള്ള വൈരാഗ്യത്താൽ ഇക്കഴിഞ്ഞ ഫെബ്രുവരി 10 -ാം തിയ്യതി രാത്രി 9 മണിക്ക് മനക്കൊടിയിലെ അഭിജിത്തിൻെറ വീടിന് മുൻവശം റോഡിൽ വെച്ച് ബൈക്കിൽ പോകുകയായിരുന്ന അഭിജിത്തിനേയും സുഹൃത്തിനേയും തടഞ്ഞ് നിർത്തി അഭിജിത്ത് നെ ബലമായി കാറിലേക്ക് വലിച്ച് കയറ്റി കൊണ്ട് പോയി കാറിൽ കയറ്റി കൈ കൊണ്ട് ഇടിച്ചും കത്തി കാട്ടി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും ചേറ്റുപുഴ മഞ്ഞിൻകര പാടത്തെത്തിച്ച് ഇടിവള കൊണ്ട് ഇടിച്ചതിൽവെച്ച് അഭിജിത്തിൻെറ ഇടത് കണ്ണിൻെറ വശത്തായി പരിക്ക് പറ്റുന്നതിനും വീണ്ടും ഇടിവള കൊണ്ട് ഇടിച്ച് ഗുരുതരമായ പരിക്ക് പറ്റിയ കാര്യത്തിന് മനക്കൊടി കാട്ടുതീണ്ടി വീട്ടിൽ ആകാശ് കൃഷ്ണയെ അന്തിക്കാട് പോലീസ് അറസ്റ്റ് ചെയ്തു. സബ് ഇൻസ്പെക്ടർ സുബിന്ദിന്റെ നേതൃത്വത്തിൽ എസ് ഐ മാരായ അഭിലാഷ്, കൊച്ചുമോൻ, സിവിൽ ഓഫീസർ അനൂപ് എന്നിവർ ചേർന്ന് പ്രതിയെ അറസ്റ്റ് ചെയ്തത്.

കുടുംബ തർക്കങ്ങൾ തീർപ്പാക്കാൻ ഹാർമണി ഹബ്ബ്: സബ് ജഡ്ജി സരിത രവീന്ദ്രൻ

തൃശൂർ: കോടതിക്ക് പുറത്ത് കുടുംബ തർക്കങ്ങൾ കൗൺസിലിംഗ് മധ്യസ്ഥഹ നിയമസഹായം എന്നിവയിലൂടെ പരിഹരിക്കുന്നതിന് പുതിയ ഒരു സൗജന്യ സംരംഭമാണ് ഹാർമണി ഹബ്ബ് എന്ന് തൃശ്ശൂർ ഡിസ്ട്രിക്ട് ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ സരിത രവീന്ദ്രൻപ്രസ്താവിച്ചു

അയ്യന്തോൾ ഹൗസിംഗ് ബോർഡ് റസിഡൻസ് അസോസിയേഷൻ നഗറിന്റെ വാർഷിക കൂട്ടായ്മ സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ടാണ് അവർ ഇത് പറഞ്ഞത്. സംരംഭത്തിന്റെ രഹസ്യാത്മകതയും വേഗത്തിലുള്ള നിർവഹണവും ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുമെന്നും പരസ്പരമുള്ള സംഘർഷങ്ങൾ പരിഹരിച്ച് കോടതിയുടെ ജോലിഭാരം കുറയ്ക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട് എന്നും അവർപറഞ്ഞു. വ്യവഹാരങ്ങൾ ആയി മുന്നോട്ടു പോകുമ്പോൾ ഉണ്ടാകുന്ന ചെലവും കോടതിയെ സമീപിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസവും ഈ സമീപനം മൂലം ഇല്ലാതാകുന്നു. ഈ സംരംഭത്തിന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തണമെന്നുള്ളവർ തൃശ്ശൂർ ജില്ല ലീഗൽ സർവീസ് അതോറിറ്റി ഓഫീസുമായി ബന്ധപ്പെടണമെന്നും ജഡ്ജി അറിയിച്ചു. അസോസിയേഷൻ പ്രസിഡന്റ് അഡ്വക്കേറ്റ് രഘുനഥ് കഴുങ്കിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീദേവി തിരുനിലത്തിൽ സ്വാഗതവും കൗൺസിലർ സുനിത ബാബു ആശംസകൾ അർപ്പിക്കുകയും എം വിഎം അഷറഫ് നന്ദിയും രേഖപ്പെടുത്തി.

സ്കൂൾ വാർഷികവും, യാത്രയയപ്പ് സമ്മേളനവും നടത്തി

അവിട്ടത്തൂർ : ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ 79-ാം വാർഷികവും, സർവ്വീസിൽ നിന്ന് വിരമിക്കുന്ന കെ.ജെസ്റ്റിൻ ജോണിനുള്ള യാത്രയയപ്പ് സമ്മേളനവും വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സുധ ദിലീപ് ഉദ്ഘാടനം ചെയ്തു. വേളൂക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കെ. എസ്. ധനീഷ് അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ലീന ഉണ്ണികൃഷ്ണൻ ഫോട്ടോ അനാച്ഛാദനം നടത്തി. പഞ്ചായത്ത് മെമ്പർ ബിബിൻ തുടിയത്ത്, മാനേജർ എ. അജിത്ത് കുമാർ, പി.ടി.എ. പ്രസിഡണ്ട് മിനി രാമചന്ദ്രൻ, പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, ഹെഡ് മാസ്റ്റർ മെജോ പോൾ, എ.സി. സുരേഷ്, കെ. കെ. കൃഷ്ണൻ നമ്പൂതിരി, കെ.എസ്. ഗിരിജ, രമ്യ ജോഷി, ജോസഫ് അക്കരക്കാരൻ, ഉല്ലാസ് പി.ജി., കെ. എസ്. സജു, സ്കൂൾ ചെയർമാൻ യദുകൃഷ്ണൻ. പി. എ. എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെയും, അധ്യാപകരുടെയും വിവിധ കലാപരിപാടികൾ നടന്നു.

വാണിദാസ് എളയാവൂരിനെ സീനിയർ ജേണലിസ്റ്റ് ഫോറം കേരള ആദരിക്കുന്നു

തൃശൂർ: നവതി പിന്നിട്ട പ്രമുഖ സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനും പ്രഭാഷകനും പത്രാധിപരുമായ വാണിദാസ് എളയാവൂരിനെ സീനിയർ ജേണലിസ്റ്റ് ഫോറം കേരള ആദരിക്കുന്നു. ദേശീയ അവാഡ് നേടിയ അധ്യാപകൻ, സംഗം മാസികയുടെ പത്രാധിപർ, സംഗം പ്രസ്സിന്റെയും പ്രസാധനാലയത്തിന്റെയും സംഗം ബുക്സ്റ്റാളിന്റെയും സ്ഥാപകൻ, മലബാറിലെ ലൈബ്രറി പ്രസ്ഥാനത്തിന്റെ നായകരിലൊരാൾ, വടക്കൻ ഐതിഹ്യമാല അടക്കമുള്ള ഗ്രന്ഥങ്ങളുടെ കർത്താവ് എന്നീ നിലകളിലെല്ലാം മികവാർന്ന പ്രവർത്തനം നടത്തിയ വാണിദാസ് എളയാവൂർ വിശ്രമജീവിതം നയിക്കുകയാണ്. വാണിദാസ് എളയാവൂരിനെ അദരിക്കുന്നതിനായി സീനിയർ ജേണലിസ്റ്റ് ഫോറം കേരള ഒരു ഹൃദ്യമായ പരിപാടി സംഘടിപ്പിക്കുകയാണ്. ഫെബ്രുവരി 20-ന് വ്യാഴാഴ്ച 3.30 ന് വാണിദാസിന്റെ എളയാവൂരിലെ വീട്ടുമുറ്റത്താണ് ചടങ്ങ്.

പരിപാടി മുൻകേന്ദ്ര മന്ത്രി മുലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. മേയർ മുസ്ലിഹ് മടത്തിൽ മെമന്റോ നൽകും. വാണിദാസിന്റെ വിവിധ മേഖലകളിലെ സംഭാവനകളെക്കുറിച്ച് പി. ഗോപി, ഇ.എം. അഷറഫ്, പി.പി. ശശീന്ദ്രൻ എന്നിവർ പ്രഭാഷണം നടത്തും. സി.പി.ഐ.എം ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ, ഡി സി സി പ്രസിഡണ്ട് മാർടിൻ ജോർജ്, സി.പി.ഐ. ജില്ലാ സെക്രട്ടറി സി.പി. സന്തോഷ് കുമാർ, ബി.ജെ.പി. ജില്ലാ പ്രസിഡണ്ട് കെ.കെ. വിനോദ് കുമാർ, സി എം പി നേതാവ് സി.എ.അജീർ, എൻ.സി.പി നേതാവ് കെ. എ. ഗംഗാധരൻ, കോൺഗ്രസ് എസ് സംസ്ഥാന സെക്രട്ടറി യു ബാബു ഗോപിനാഥ്, ഡപ്യൂട്ടി മേയർ പി. ഇന്ദിര, കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷൻ സുരേഷ് ബാബു എളയാവൂർ, ജവഹർ ലൈബ്രറി വർക്കിങ്ങ് പ്രസിഡണ്ട് ടി.ഒ.മോഹനൻ, ഐ& പി.ആർ.ഡി ഡപ്യൂട്ടി ഡയറക്ടർ ഇ.കെ പദ്മനാഭൻ, ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡണ്ട് ടി.കെ. രാമേശ്കുമാർ, പ്രസ് ക്ലബ് പ്രസിഡണ്ട് സി. സുനിൽകുമാർ തുടങ്ങിയവർ ആശംസകളർപ്പിക്കും. പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് എസ്.ജെ. എഫ്. കെ ജില്ലാ പ്രസിഡണ്ട് കെ.ബാലകൃഷ്ണനും സെക്രട്ടറി എം വി. പ്രസാദും അഭ്യർഥിച്ചു

ABJ movies പി ഭാസ്കരൻ മെമ്മോറിയൽ ഓൺലൈൻ മ്യൂസിക് ആൽബം ഫെസ്റ്റിവൽ നടത്തിയ മത്സരത്തിൽ പീതാംബരൻ രാരമ്പത്ത്ന്റെ 'മകരപ്രഭ' മ്യൂസിക് ആൽബത്തിന്റെ ഗാനരചനക്ക് സ്പെഷ്യൽ ജൂറി അവാർഡ് ലഭിച്ചതായി സംഘടകർ അറിയിച്ചു. ഇത് 14-മത്തെ മ്യൂസിക് ആൽബമാണ്.



PASSPORT LOST

My Passport having No. T9641527 lost while I was travelling from my house to Kodungallur. I request hereby that if any body got my Passport please inform me or Kodungallur Police Station.

Muhammed Ifthikhar K A,
Kannezhath House, Lokamaleswaram North,
P. O. Kodungallur,Thrissur, 680664,
Mob No. 8589906158